WEDNESDAY 26-10-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-26/10/2022.

1. കൃഷിവകുപ്പ് മന്ത്രിയും ഉദ്യോഗസ്ഥരും കർഷകരോട് സംവദിക്കുകയും, പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി പരിപഹാരം കാണുകയും ചെയ്യുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം എന്ന കൃഷിദർശൻ പരിപാടിക്ക് തൃശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിൽ തുടക്കം കുറിച്ചു. ഈ മാസം 25 മുതൽ 29 വരെ നടക്കുന്ന ഈ പരിപാടിയോനുബന്ധിച്ചുള്ള കാർഷിക പ്രദർശനത്തിന്റെ ഉദ്ഘാടനം റവന്യൂവകുപ്പ് മന്ത്രി കെ. രാജൻ നിർവഹിച്ചു. ഇന്ന് തൃശൂർ ജില്ലയിലെ ഉദ്യോഗസ്ഥരുമായി കൃഷിവകുപ്പ് മന്ത്രി കൂടിക്കാഴ്ച നടത്തും.

2. കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റ് ആയി കണക്കാക്കി ലഭ്യമായ വിഭവ ശേഷി ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി അതുവഴി സംസ്ഥാനത്തിന്റെ ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കർഷകരുമായി കൂടിയാലോചിച്ചു ശാസ്ത്രീയ വിഭവാധിഷ്ഠിത ആസൂത്രണ പ്രകാരം ഈ വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് **വിളയിടാധിഷ്ഠിത വികസന പദ്ധതി**. വിളയിടാധിഷ്ഠിത സമീപനത്തിൽ നിന്ന് മാറി സംയോജിത, ബഹുവിള കൃഷി സമ്പ്രദായത്തിലൂടെ വികസിപ്പിക്കുന്ന മാതൃകത്തോട്ടങ്ങൾ സൃഷ്ടിക്കും എന്നതാണ് ഇതിലൂടെ കൃഷിവകുപ്പ് ലക്ഷ്യമിടുന്നത്. 10 സെന്റ് മുതൽ 2 ഏക്കർ വരെ സ്ഥലം ഉള്ളവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. നടപ്പു വർഷം ഒരു പഞ്ചായത്തിൽ കുറഞ്ഞത് 10 യൂണിറ്റ് വീതം മാതൃകത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ **ഒക്ടോബർ 27** -ന് മുൻപായി തൊട്ടടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

3. ചേർത്തല സൗത്ത് കൃഷിഭവനിൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം 50 സെന്റിൽ അധികം സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന പച്ചക്കറി കർഷകർക്കുള്ള പച്ചക്കറി വിത്തുകൾ വിതരണത്തിനായി കൃഷിഭവനിൽ എത്തിയിട്ടുണ്ട് കർഷകർ, ഹോർട്ടികൾച്ചർ മിഷൻ അപേക്ഷ, 2022 - 23 വർഷത്തെ കരം അടച്ച രസീത്, പാട്ട കർഷകർ ആണെങ്കിൽ അനുബന്ധം 1 പാട്ട

കരാർ എന്നീ രേഖകളുമായി സ്റ്റേറ്റ് കൃഷി ഭവനിൽ എത്തി പച്ചക്കറി വിത്തുകൾ കൈപ്പറ്റണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുവാനായി ബുക്കിംഗ് സ്വീകരിക്കുന്നു. 130 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന മുട്ടക്കോഴി കുഞ്ഞുങ്ങളെ ആവശ്യമുള്ളവർ **0479 2959268, 2449268, 9447790258** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പറും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ് .

5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഫാം പ്ലാൻ അധിഷ്ഠിത പദ്ധതി പ്രകാരം സമ്മിശ്രകൃഷി പ്ലോട്ടുകൾ സ്ഥാപിക്കുന്നതിനും നിലവിലെ കൃഷിയിടത്തിലെ പരിമിതികൾ പരിഹരിക്കുന്നതിനും ധനസഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കാൻ താൽപര്യമുള്ള മുഹമ്മ, കഞ്ഞിക്കുഴി, ചേർത്തല തെക്ക്, മാരാരിക്കുളം നോർത്ത്, തണ്ണീർമുക്കം, കടക്കരപ്പള്ളി, ചേർത്തല മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലെ കർഷകർ ഈ മാസം 27-നകം (ഒക്ടോബർ 27) അതാത് കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കണമെന്ന് ചേർത്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

6. നെടുമങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഇന്റേൺഷിപ്പിന് ഡിപ്ലോമ ഇൻ അഗ്രികൾച്ചർ, അല്ലെങ്കിൽ വിഎച്ച്എസ്ഇ അഗ്രി, അല്ലെങ്കിൽ ഓർഗാനിക് ഫാമിങ് അഗ്രികൾച്ചർ എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പ്രവർത്തന കാലയളവ് 2022 നവംബർ മുതൽ 2023 മാർച്ച് മാസം 31 വരെ. യോഗ്യരായ ഉദ്യോഗാർത്ഥികൾ അപേക്ഷയും വിശദമായ ബയോഡേറ്റയും അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം നാളെ (ഒക്ടോബർ 27) രാവിലെ 10 മണിക്ക് നെടുമങ്ങാട് വേങ്കവിള ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് പ്രവർത്തിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ അഭിമുഖത്തിന് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0472 2802011, 9383470149** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. ചേർത്തല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലുള്ള കഞ്ഞിക്കുഴി, ചേർത്തല തെക്ക്, മാരാരിക്കുളം വടക്ക്, കടക്കരപ്പള്ളി, മുഹമ്മ, തണ്ണീർമുക്കം, ചേർത്തല മുൻസിപ്പാലിറ്റി എന്നീ കൃഷിഭവനുകളിൽ ഇന്റേൺഷിപ്പിനായി അപേക്ഷ ക്ഷണിക്കുന്നു. 2022 ഓഗസ്റ്റ് ഒന്നിന് 18 നും 41 നും പ്രായമുള്ള വിഎച്ച്എസ്ഇ (അഗ്രികൾച്ചർ), ഡിപ്ലോമ ഇൻ അഗ്രികൾച്ചർ/ജൈവകൃഷി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകരിൽ നിന്ന് യോഗ്യതയുള്ളവരെ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കും. അപേക്ഷാഫോറം പ്രവൃത്തി ദിവസങ്ങളിൽ കൃഷിഭവനുകളിൽ നിന്നും ലഭിക്കും. അപേക്ഷ, യോഗ്യത, വയസ്സ് എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പ് സഹിതം ചേർത്തല സിവിൽ സ്റ്റേഷനിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ ഈ മാസം 31-ന് (ഒക്ടോബർ 31) മുൻപ് സമർപ്പിക്കേണ്ടതാണ്.

8. കുടപ്പനക്കുന്ന് സർക്കാർ കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയത്ത് 0471-2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടികൾ

9. വെള്ളാനിക്കര സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നവംബർ 02-ന് **കൈതച്ചക്കയുടെ ശാസ്ത്രീയ കൃഷിരീതിയും സംസ്കരണവും** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ https://forms.gle/bto98kbDS9u93rKe7 എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട അവസാന തീയതി ഈ മാസം 30 (ഒക്ടോബർ 30).

10. റബ്ബറിന് വളമിടുന്നതിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നടത്തുന്നു. ഒക്ടോബർ 28-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## കാർഷിക നിർദ്ദേശങ്ങൾ

11. കൊല്ലം ജില്ലയിൽ അടുത്തിടെയായി മരച്ചീനിയുടെ ഇലകൾ മഞ്ഞളിച്ചു ഉണങ്ങുകയും കിഴങ്ങും ചെടിയുടെ കടഭാഗവും ചീയുകയും വ്യാപകമായി കണ്ടു വരുന്നു. ഇതിനു മുൻപ് റിപ്പോർട്ട് ചെയ്തിട്ടുള്ള കിഴങ്ങ് അഴുകൽ രോഗത്തിൽ, കിഴങ്ങ് മാത്രമേ അഴുകാറുള്ളു. മറ്റു ഭാഗങ്ങളിൽ ഒന്നും രോഗലക്ഷണം കാണാറില്ല. ജില്ലയിലെ 40-80% ചെടികളിലും രോഗം കണ്ടു വരുന്നുണ്ട്.

**രോഗലക്ഷണങ്ങൾ**

വേര് വരുന്നതിനു മുൻപ് തന്നെ തണ്ട് കട ഭാഗത്തോടെ അഴുകി പോകുന്നു. ഏകദേശം മൂന്ന് മാസം പ്രായമായ ചെടിയുടെ ഇലകൾ മഞ്ഞ നിറമായി വാടുന്നതോടൊപ്പം തണ്ടും കിഴങ്ങും അഴുകുകയും കിഴങ്ങിന്റെ വളർച്ചയെ ബാധിക്കുകയും ചെയ്യുന്നു. ആറു മാസം കഴിഞ്ഞ ചെടികളുടെ കട ഭാഗവും മറ്റു ഭാഗങ്ങളും അഴുകി പോകുന്നു. രോഗ കാരണം രണ്ടോ അതിലധികമോ രോഗാണുക്കളും മറ്റു കീടങ്ങളും "ഫ്യൂസേറിയം" എന്ന കുമ്മിൾ ആണ് രോഗാണുക്കളിൽ ഒരെണ്ണം.

**താൽക്കാലിക നിയന്ത്രണ മാർഗ്ഗങ്ങൾ**

തീവ്ര രോഗബാധയേറ്റ ചെടികളെ പിഴുതിമാറ്റി തീയിടുക. അനുയോജ്യമായ വിളകളുമായി രണ്ടു വർഷത്തിൽ ഒരിക്കൽ വിളപരിക്രമണം നടത്തുക. കൃഷിയിടങ്ങളിൽ വെള്ളം കെട്ടി നിൽക്കാതെ നീർവാർച്ച ക്രമീകരിക്കുക. രോഗ ബാധയില്ലാത്ത കമ്പ് മാത്രം നടാൻ ഉപയോഗിക്കുക. കഴിവതും രോഗമില്ലാത്ത കൃഷിയിടത്തിൽ നിന്നുള്ളവ എടുക്കുക. ചെടിയൊന്നിന് 20 ഗ്രാം വേപ്പിൻ പിണ്ണാക്ക് കൊടുക്കുക. ട്രൈക്കോഡെർമ ചേർത്ത ജൈവവളം ചെടിയൊന്നിന് 1കിലോഗ്രാം അല്ലെങ്കിൽ 50ഗ്രാം ട്രൈക്കോഡെർമ ജൈവവളമിശ്രിതം (1കിലോഗ്രാം) ട്രൈക്കോഡെർമ 100 കിലോഗ്രാം ചാണകത്തിലോ വെർമികംപോസ്റ്റിലോ ചേർത്തിളക്കിയത്. നടീൽ വസ്തു, കാർബൺറാസിം (0.1%) അല്ലെങ്കിൽ കാർബൻഡാസിം - മാൻകോസെബ് മിശ്രിത കുമിൾ നാശിനിയിൽ (0.2%) 10 മിനിറ്റ് നേരം മുക്കിവെച്ചതിനു ശേഷം നടുക. അതോടൊപ്പം ഈ കുമിൾനാശിനി, 15 ദിവസം ഇടവിട്ട് മൂന്നു പ്രാവശ്യം ചെടിയുടെ ചുവട്ടിൽ ഒഴിച്ച് കൊടുക്കുക.